# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

ടർബ്ബോ പ്ലസ് ടൗവ്വർ, പി. എം. ജി. ജംഗ്ഷൻ,

വികാസ് ഭവൻ. പി.ഒ, തിരുവനന്തപുരം. 33

**Email. – hrckeralatvm@gmail.com**

ഫോൺ: 2307263. ഫാക്സ്: 2307490


## ലൈംഗിക പീഡനം; മനുഷ്യാവകാശ കമ്മീഷൻ അന്വേഷണം ഇന്ന് തുടങ്ങും

വയനാട് : വയനാട് ജില്ലയിൽ ആദിവാസി പെൺകുട്ടികളെ ലൈംഗികമായി പീഡിപ്പിക്കുന്ന സംഭവങ്ങളെ കുറിച്ച് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നടത്തുന്ന അന്വേഷണം ഇന്ന് തുടങ്ങും.

കമ്മീഷൻ അംഗം കെ. മോഹൻ കുമാറാണ് അന്വേഷണത്തിന് ഉത്തരവിട്ടത്. കമ്മീഷന്റെ അന്വേഷണ വിഭാഗത്തിലെ മുഖ്യ അന്വേഷണോദ്യോഗസ്ഥൻ ഐ.ജി, എസ്. ശ്രീജിത്ത് ഇന്ന് (07.05.2015) അമ്പലവയലിലെത്തും.

പ്രായപൂർത്തിയാവാത്ത ആദിവാസി പെൺകുട്ടികളാണ് ലൈംഗിക പീഡനത്തിന് ഇരയാകുന്നത്. രക്ഷകർത്താക്കൾക്ക് മദ്യവും മയക്കുമരുന്നും നൽകിയ ശേഷമാണ് കുട്ടികളെ പീഡിപ്പിക്കുന്നതെന്ന് പരാതിയുണ്ട്.

രണ്ടു മാസത്തിനകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു. മുൻപ് റിപ്പോർട്ട് ചെയ്തിട്ടുള്ള സമാന കേസുകളും അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തണമെന്ന് അംഗം കെ. മോഹൻകുമാർ ഉത്തരവിൽ പറഞ്ഞതായി കമ്മീഷൻ വാർത്താക്കുറിപ്പിൽ അറിയിച്ചു.


**പി.എം. ബിനുകുമാർ**

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**9447694053.**


**07/05/2015**